

ജാലകം
ISRO
x+y
(a+b)(a-b)




Kerala Infrastructure and Technology for Education

# ശ്രീ എൻ.കെ.വാസുദേവൻനായർ



(സ്ഥാപക മാനേജർ)

## വളർച്ചയുടെ പിന്നിലെ ശക്തി................

# ശ്രീമതി എൻ.കമലാഭായി അമ്മ



(മുൻ മാനേജർ)

പാവനസ്മരണയ്ക്ക് മുന്നിൽ ആയിരം പ്രണാമം......

# മാനേജർ

നമ്മുടെ പ്രചോദനം....

## ആശംസ



ലോകത്തിന്റെ വളർച്ചയെ മുൻനിർത്തി ശാസ്ത്ര-സാങ്കേതികവിദ്യയുടെ സമസ്തമേഖലകളേയും കീഴടക്കി, വിദ്യാലയ- ത്തിന്റെ ഉന്നമനത്തിന് വേണ്ടി തന്റെ കഴിവിന്റെ പരമാവധി പുറത്തെടുത്ത് പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ അഭിരുചി പ്രകാശങ്ങളേയും അനായാസമാക്കിയിരിക്കുന്ന ഒരു കാലത്തിലൂടെയാണ് നാം ഇന്ന് സഞ്ചരിക്കുന്നത്. വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന ഐ. ടി കൂട്ടായ്മ 'ലിറ്റിൽ കൈറ്റ്സ്' സാങ്കേതികവിദ്യയിൽ അറിവും കഴിവും ആഭിമുഖ്യവുമുള്ള ഒരു യുവതലമുറയെ വളർത്തി എടുക്കാനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ്. വിദ്ഗ്ദ പരിശീലനം നേടിയ അദ്ധ്യാപകരുടെ നേതൃത്വത്തിൽ 'ലിറ്റിൽ കൈറ്റ്സ്'ന്റെ നൂതന പഠന പ്രവർത്തനങ്ങൾ വിജയകരമായി പുരോഗമിക്കുന്നു. 'ലിറ്റിൽ കൈറ്റ്സ്'ന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികളും സ്കൂൾ തല പ്രവർത്തനങ്ങളും ഉൾപ്പെടുത്തി . വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനിന് എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ദിനേശ് കുമാർ എച്ച്. എസ്സ് (ഹെഡ്മാസ്റ്റർ)

# ആശംസ



**മാത്സരികത നിറഞ്ഞ ലോകം വിരൽത്തുമ്പിൽ ഒതുക്കി പിടിച്ച് അറിവിന്റെ ആകാശത്തിലേക്ക് മേഘങ്ങളായി *കുതിച്ചുയരുന്ന* ലിറ്റിൽ കൈറ്റ്സിന് അഭിനന്ദനങ്ങൾ. വിക്ടറി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിജയകരമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.**

**ജ്യോതിഷ് ചന്ദ്രൻ എം.ആർ**

(പ്രിൻസിപ്പാൾ,വി. എച്ച്. എസ്. ഇ )

# ആശംസ



വിദ്യാർത്ഥികളിലെ സാങ്കേതിക താൽപര്യം പ്രകടമാക്കാനുള്ള അവസരമാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീൻ മറ്റു കുട്ടികൾക്ക് വേണ്ടി തുറന്നു കാട്ടുന്ന പുസ്തകമാണ്. ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീനിന് എന്റെ ആശംസകൾ. അശോക് കുമാർ .പി

*അശോക് കുമാർ .പി (പ്രിൻസിപ്പാൾ, എച്ച്.എസ്.എസ്)*

## <u>ആശംസ</u>



നേമം വിക്ടറി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും '**ജാലകം**' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസീൻ പുറത്തിറക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സർഗ്ഗാത്മകവും സാങ്കേതികവുമായ കഴിവുകൾ വളർത്താൻ ഇത്തരം സംരംഭങ്ങൾ സഹായകമാണ്. ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രകാശ്.എസ്
*(പി.ടി.എ.പ്രസിഡന്റ് )*

# എഡിറ്റോറിയൽ

**സർഗ്ഗാത്മകതയും ശാസ്ത്രസാങ്കേതികവിദ്യയും ഒത്തുചേർന്നൊഴുകുന്ന കാലഘട്ടത്തിലൂടെയാണ് നമ്മുടെ ജീവിതം സഞ്ചരിക്കുന്നത്. പാഠപുസ്തകങ്ങളിലെ വിവേകത്തിനപ്പുറം നൂതന ശാസ്ത്രസാങ്കേതികവിദ്യയോടും പാഠ്യ പാഠ്യേതര കഴിവിനോടും യുവതലമുറയ്ക്കുള്ള ആഭിമുഖ്യം സർഗ്ഗാത്മകമായും ഗുണപരമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന ഐ. ടി കൂട്ടായ്മ ഹൈ - ടെക്ക് പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥി സുഹൃത്തുകൾക്കായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അത്യന്തം ആനന്ദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. സ്കൂൾ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിന്റെ നേതൃത്വത്തിൽ 'ജാലകം' എന്ന ഡിജിറ്റിൽ മാഗസീൻ തയ്യാറാക്കാൻ കഴിഞ്ഞതിലും അതിൽ ഭാഗമാകാൻ**

**കഴിഞ്ഞതിലും ഞങ്ങൾ യൂണിറ്റ് വിദ്യാർത്ഥി സുഹൃത്തുകൾ അങ്ങേയറ്റം സന്തോഷിക്കുന്നു.**

**ഈ ഡിജിറ്റിൽ മാഗസീന്റെ അണിയറ പ്രവർത്തനങ്ങൾക്ക് വേണ്ടി സദയം സഹകരിച്ച അദ്ധ്യാപക-അനദ്ധ്യാപകർക്കും വിദ്യാലയ മേലധികാരികൾക്കും അഭിപ്രായങ്ങളും അനുഭവങ്ങളും രചനകളും നൽകിയ എല്ലാ പ്രിയ സുഹൃത്തുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് 'ജാലകം' സവിനയം സന്തോഷപൂർവ്വം സമർപ്പിക്കുന്നു.**

**സ്നേഹാശംസകളോടെ**

***അനന്ദു എസ് . എൽ ( ചീഫ് എഡിറ്റർ.)***

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അനന്ദു എസ്. എൽ
കവർ ഡിസൈനർ : സിദ്ധാർഥ് എസ്. എസ്

എഡിറ്റോറിയൽ
ബോർഡ്അംഗങ്ങൾ : അനന്ദു കൃഷ്ണൻ. എസ്
ആരോമൽ. എ. രാജ്
സുഫ്രാൻ ഹുസൈൻ
അശ്വിൻ എസ്. എസ്
ആകാശ് ജെ. എസ്

സാങ്കേതിക ഉപദേശകസമിതി :പി.സജികുമാർ
*(സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർ)*
ബിന്ദുകുറുപ്പ്
*(ലൈബ്രേറിയൻ)*
രാജശ്രീ. പി. എസ്
*(കൈറ്റ്മിസ്ട്രസ്)*
കുറുപ്പ് കിരണേന്ദു.ജി
*(കൈറ്റ് മിസ്ട്രസ്)*

## ഉള്ളടകം.....


എന്റെ വിദ്യാലയം !!!!......................................................15

സ്കൂൾതല ക്ലബുകൾ......................................................17

വിത്ത് വിതരണം......................................................20

പൊതിച്ചോർ......................................................21

വായിച്ച് വളരാം......................................................23

അന്തർദേശീയ യോഗാദിനം......................................................23

ഹരോഷിമാ-നാഗസാക്കി ദിനം......................................................24

കാത്തിരിപ്പ്......................................................25

പ്രളയകാഴ്ചകൾ......................................................29

സ്വാതന്ത്ര്യ ദിനാചരണം......................................................32

ഓണാഘോഷം......................................................33

ഗാന്ധി ജയന്തി......................................................35

മുഖ്യമന്ത്രിക്ക് ഒരു കത്ത്......................................................36

ഇരുട്ടിലേക്ക് അഗ്നി ആരവങ്ങളെ പായൂ......................................................38

വരൾച്ച......................................................39

സ്വർലോകത്തിൻ പ്രത്യാശ സ്വപ്നം......................................................41

പ്രളയക്കാഴ്ച്ചകൾ.......................................................42
ആകാശയമുന.........................................................43
പ്രകൃതി.............................................................45
സ്വപ്നങ്ങളുടെ രാജകുമാരൻ..............................................46
മഹത്ത് വചനങ്ങൾ.................................................49
പാമ്പും കോണിയും...................................................54
സ്നേഹം നിറഞ്ഞ കുപ്പ കൈ..............................................56
വിദ്യാലയം പ്രതിഭകളോടൊപ്പം..........................................59
മികവുകൾ..........................................................62
TOURISM & DEVELOPMENT....................................64
HOUND OF THE BASKERVILLES..............................67

# എന്റെ വിദ്യാലയം !!!!


VICTORY VOCATIONAL HIGHER SECONDARY SCHOOL
VICTORY VOCATIONAL HIGHER SECONDARY SCHOOL
VICTORY VOCATIONAL & HIGHER SECONDARY SCHOOL
NATIONAL SERVICE SCHEME
NATIONAL SERVICE SCHEME

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്,നേമം വികസന ബ്ലോക്ക് എന്നിവയിലെ ബാലരാമപുരം ഡിവിഷനിലും പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽ വാർഡിലുമാണ് സ്ക്രൂൾ സ്ഥിതിചെയ്യുന്നത്. നേമം ജംഗ്ഷനിൽ ദേശീയപാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന എയ്ഡഡ് വിദ്യാലയമാണ് നേമം വിക്റ്ററി വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്രൂൾ.അപ്പർപ്രൈമറി മുതൽ ഹൈ സ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ വിഭാഗങ്ങളിലായി ആയിരത്തിൽപ്പരം വിദ്യാർഥികൾ ഇവിടെ അദ്ധ്യായനം നടത്തുന്നു.

# സ്ക്കൂൾതല ക്ലബ്ബുകൾ

- സ്കൗട്ട് & ഗൈഡ്സ്.
- എൻ.സി.സി.
- ലിറ്റിൽ കൈറ്റ്സ്
- ജലശ്രീ ക്ലബ്
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- സയൻസ് ക്ലബ്ബ്
- മാത്സ് ക്ലബ്ബ്
- സൊഷ്യൽ സയൻസ് ക്ലബ്ബ്
- ലഹരി വിരുദ്ധ ക്ലബ്
- ലീഗൽ ലിറ്ററസി ക്ലബ്
- ഗാന്ധി ദർശൻ ക്ലബ്
- എൻ. എസ്.എസ്
- എക്കൊ ക്ലബ്
- റേഡിയോ ക്ലബ്
- ***വാർഷിക കലണ്ടർ പ്രകാരമാണ് പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം**

# പ്രവേശനോത്സവം

(ജൂൺ- 6)




ഉദ്ഘാടനം- രാധിക സി നായർ

(എഴുത്തുകാരി)

# പരിസ്ഥിതി ദിനം



വൃക്ഷത്തൈ വിതരണം

പരിസ്ഥിതി ക്വിസ്

പോസ്റ്റർ നിർമ്മാണം

അസംബ്ലിയിൽ ബോധവത്കരണം

# വിത്ത് വിതരണം





# പൊതിച്ചോർ

തളർന്നു കിടക്കുന്ന അമ്മയ്ക്ക് ചോറുമായിട്ടാണ് കുട്ടന്റെ വരവ്. അച്ഛന്റെ മരണത്തോടെ തളർന്നു പോയ കുടുംബത്തിന്റെ ബാക്കിയായി അവശേഷിക്കുന്ന ഒരു കുട്ടനും അമ്മയും.സ്കൂളിൽ



നിന്നും ലഭിക്കുന്ന കഞ്ഞിയും പയറുമാണ് ആ വിശപ്പിന് മാർഗ്ഗം.സ്കൂൾ കഴിഞ്ഞാലുടൻ അവൻ ആ ഉുക്കുപാത്രവുമായി ഓടും. അതിലെ ചൂടുകഞ്ഞി തന്റെ അമ്മയുടെ വായിലേക്ക് പകർന്നു വിശപ്പടക്കിയാലെ അവന്റെ ശ്വാസം ശരിയായ നിലയിൽ ആകു. കീറിയതും മാറ്റിയുടുക്കുവാനില്ലാത്ത വസ്ത്രവുമായിയാണ് അവൻ സ്കൂളിൽ പോകുന്നത്. കുട്ടികളുടെ അറപ്പുമാത്രമാണ് അവൻ സ്കൂളിൽ  നിന്ന് നേടുന്നത്. പക്ഷേ എന്തെല്ലാം സംഭവിച്ചാലും അവൻ സ്കൂളിൽ പോകും. തന്റെ അമ്മയുടേയും തന്റെയും ജീവൻ നിലനിർത്തുന്ന ക

ഞ്ഞിക്കായി അവൻ പോകും. സ്കൂൾ വിട്ടാലുടൻ അവൻ ഓടി തന്റെ ചെറുകുടിലിലെ അമ്മയ്ക്കുള്ള കഞ്ഞിയുമായി എത്തും. അവനറിയാം അവൻ വൈകുന്നതോളം അവന്റെ അമ്മ വിശന്നിരിക്കുമെന്ന്.അവനെ കാത്തുകിടക്കുകയല്ലാതെ മറ്റൊന്നും  ചെയ്യാനാകാതെ പാവം തണുത്തു വിറച്ച് കിടക്കും.ഒരു നാൾ കുട്ടൻ തന്റെ അമ്മയ്ക്കുള്ള ഭക്ഷണം വൈകിക്കാതെയോടി.എതിരെ വരുന്ന വണ്ടിയെ തകർത്തു ഓടാൻ ശ്രമിച്ചു.അത് അവന്റെ ഓരോ ശരീര ഭാഗങ്ങളിലൂടെ കയറിയിറങ്ങി.ചൂടാറാത്ത കഞ്ഞി അവന്റെ രക്തത്തിലോട്ടലിഞ്ഞു.തന്റെ വിശപ്പകറ്റാൻകഞ്ഞിയുമായി മകൻ എത്തുമെന്ന് ആശ്വസിച്ച്  ആ അമ്മ കാത്തിരിക്കുന്നു. ഒരിക്കലും ഒടുങ്ങാത്ത കാത്തിരിപ്പ്.................................................

വൈശാഖ്.വി

8 A

## വായിച്ചു വളരാം




## വായന വാരം ( ജൂൺ 19-22)


## അന്തർദേശീയ യോഗാദിനം



## ജൂൺ-21

# ഹരോഷിമാ-നാഗസാക്കി ദിനം

**ആഗസ്റ്റ്-6, 9**





# കാത്തിരിപ്പ്

2017 മാർച്ച് 7 ഇന്ത്യക്കെതിരെ പാക്കിസ്ഥാൻ അക്രമം നടത്തിയ ദിവസം. എന്റെ ജീവിതത്തിലെ ഇരുണ്ട ദിനം. മാതൃ രാജ്യനു വേണ്ടി സ്വന്തം ജീവൻ ത്യജിച്ച പട്ടാളക്കാരന്റെ ഭാര്യ.അവൾ തന്റെ ഭർത്താവിനു വേണ്ടി മൂന്ന് മക്കളെ കെട്ടി പിടിച്ച് ആ നിറ ഗർഭിണി കരയുന്നു. അവളുടെ കരച്ചിൽ ആ ഗ്രാമം മുഴുവൻ പരന്നു. അവൾക്ക് ഇനി ആരുണ്ട്,ആര് സംരക്ഷിക്കും, അവൾക്ക് കാത്തിരിക്കാൻ ആരുണ്ട്.ഇങ്ങനെ പല ചോദ്യങ്ങൾ അവൾക്ക് നേരേ ഉയർന്നു വന്നു. അവിടെ അവൾക്ക് കരുത്തായി,അവളുടെ കാത്തിരിപ്പായി, അവളുടെ മൂന്ന് മക്കളുണ്ടായിരുന്നു.അവർക്കായി അവൾ ജീവിച്ചു.അങ്ങനെ,ജീവിതം വഴി മുട്ടിയപ്പോൾ ജോലിക്കായി തിരുവനന്തപുരത്തു നിന്ന് അവൾ വണ്ടി കയറി.അങ്ങ് വടക്കൻ കേരളത്തിലെ മലപ്പുറത്ത് അവൾ എത്തി. കൂടെ തന്റെ തുടുപ്പുകളും.

അങ്ങനെ,വർഷങ്ങൾ കഴിഞ്ഞു. ഇളയ മകന് രണ്ട് വയസ്സ്. മൂത്തവൾക്ക് പന്ത്രണ്ട് വയസ്സ്. 2019 ആഗസ്റ്റ് 8... നഖത്തിലും ദന്തത്തിലും ചോര പുരണ്ട

ഉഗ്രരൂപിണിയായ പ്രകൃതി എന്തെന്നറിഞ്ഞ ദിനം. അന്നൊരു മഴയുള്ള ചുവപ്പ് ദിനമായിരുന്നു. രാവിലെ മുതൽ തോരാത്ത മഴ. ഇളയവൻ തൊട്ടിലിൽ കിടന്നുറങ്ങുന്നു. മൂത്തവൾ ഇറയത്തിരുന്നു പാട്ടു കേൾക്കുന്നു. മഴയ്ക്ക് അൽപ്പം ശമനം വന്നു.രണ്ടാമത്തവൻ കളിക്കാൻ ഇറങ്ങി. "അമ്മേ, ഞാൻ പോകുന്നു"."വേണ്ട അടുത്ത മഴ കറുക്കുന്നുണ്ട്".അവൻ അത് വക വയ്ക്കാതെ ഇറങ്ങി ഓടി. അടുപ്പത്ത് നല്ല മുളകൊക്കെ ഇട്ട ചൂര മീൻ കറി വെട്ടി തിളയ്ക്കുന്നു. അമ്മ മീനിന് കൂട്ട് നിൽക്കുന്നു.അമ്മയുടെ മനസ്സിൽ എന്തോ ദുരന്തം വരുമോ എന്ന് ഒരു ഭയപ്പാട്. പെട്ടെന്ന് ഇടിയോടു കൂടി മഴ വന്നു. അമ്മ നനച്ചിട്ട തുണിയെടുക്കാൻ മകളെ ഉറക്കെ വിളിച്ചു. കാവേരീീ...കാവേരീീ... പാട്ടിന്റെ മയക്കത്തിൽ അവൾ ഒന്നും ശ്രദ്ധിച്ചില്ല. വെട്ടിതിളയ്ക്കുന്ന മീനിന്റെ അരികിൽ നിന്ന് അമ്മ പിറുപിറുത്തുകൊണ്ട് വെളിയിലേക്ക് ഓടി. തുണിയെടുക്കവേ ഒരു ഇരമ്പൽ കേട്ടു. തിരിഞ്ഞു നോക്കുമ്പോൾ ജലം ഇരച്ചു കൊണ്ട് വീടിന്റെ എതിരെ. അമ്മ എടുത്ത തുണിയെ കളഞ്ഞിട്ട് മുറിയിലേക്ക് കരഞ്ഞു കൊണ്ട് ഓടി. മുറിലെത്തിയപ്പോൾ ഇറയത്തിരുന്ന മകൾ കരഞ്ഞു കൊണ്ടിരിക്കുന്നു. അമ്മ തന്റെ മകളെ എടുത്തു ജനലിന്റെ പുറത്തു കയറ്റി. എന്നിട്ട്

തൊട്ടിലിൽ കിടന്ന തന്റെ പൈതലിനെ വാരിയെടുത്തു. അവരും പിന്നാലെ ജനലിൽ കയറി. വെള്ളം ഉടനടി അവരുടെ വയറോളം ഏറി കഴിഞ്ഞു. ഈ സമയം തന്റെ ജീവനെ കുറിച്ച് ഓർക്കാതെ ആ അമ്മ കളിക്കാൻ പോയ തന്റെ മകനെ കുറിച്ച് ആലോചിച്ചു. മകളുടെ "അമ്മേ....അമ്മേ...." എന്ന വിളി കേട്ട് അവർ ഉണർന്നു. തന്റെ മകളോടു തന്റെ സാരിയിൽ പിടിക്കാൻ ആ അമ്മ ആവശ്യപ്പെട്ടു. അവൾ മുറുക്കി പിടിച്ചു. അപ്പോഴേക്കും ജലം ആ അമ്മയുടെ കഴുത്തു വരെ എത്തി. തന്റെ ഇളയ ുടുപ്പിനെ അവൾ ഉയർത്തി പിടിക്കുന്നതിനിടെ അവളുടെ സാരിയിൽ നിന്ന് എന്തോ പോകുന്നതു പോതുന്നതു പോലെ തോന്നി. അവൾക്കു മനസ്സിലായിരുന്നു തന്റെമകളായിരു ആ പോയതെന്ന്.ആ ആദ്യ ുടുപ്പിനെ തിരക്കുന്നതിനിടെ ഇളയ ുടുപ്പ് അമ്മയുടെ കൈയ്യിൽ നിന്ന് വഴുതി.എങ്ങും ജലം.ആ അമ്മയുംവെള്ളത്തിലേക്ക് വീണു. 3 ദിവസം കഴിഞ്ഞു.ആ അമ്മ കണ്ണു തുറന്നു.ഒരു റെയിൽ വേയിലെ ശൗജാലയത്തിലായിരുന്നു.അവൾ കണ്ണ തുറന്നു.അവൾ മക്കളെ തേടി.അലറി കരഞ്ഞു.അവർ പെട്ടെന്ന് 3 ദിവസം മുൻപുള്ള കാര്യം ആലോചിച്ചു.ആ അമ്മയ്ക്കു നഷ്ടം

മനസ്സിലായി.തന്റെ കാത്തിരിപ്പ് വെറുതെയായെന്ന്
മനസ്സിലായി എന്നിട്ടും, ആ അമ്മ എന്തിനോ വേണ്ടി,
ആർക്കോ വേണ്ടി,ഭ്രാന്തമായി കാത്തിരിക്കുന്നു
ഇനി കാത്തിരിപ്പിന്റെ നാളുകൾ.....................

അനന്ദു.എസ്.എൽ
9 ബി

## പ്രളയകാഴ്ചകൾ

കരൾപൊടിയുന്നേ ഈ കാഴ്ച കാണുന്നനേരം
വയ്യ, കാണാൻ, ഹൃദയം തകരുന്നിതാ
ബന്ധുക്കൾ, സ്വത്തുക്കൾ, സമ്പത്തുകൾ
വെള്ളത്തിനോടൊപ്പം പോകുന്നിതാ ഹാ,
വെള്ളത്തിനോടൊപ്പം പോകുന്നിതാ

വയലുകൾ, പാടങ്ങൾ, തൊടികളാകവേ
നിറയുന്ന പെരുവെള്ളം കൊണ്ടിതാ
ഹോ!
പോകുന്ന കാറുകൾ ബൈക്കുകളിതാ
വെള്ളത്തിൽപ്പെട്ട ഉറുമ്പുപോലെ

ചറ പറ പെയ്യുന്ന പേമാരിയും
ഒട്ടും ദയാദാക്ഷണ്യം ഏതും ഇല്ല
കലിതുള്ളുന്ന പമ്പയും, പെരിയാറും
വെള്ളത്താൽ കവിയുന്ന ഡാമുകളും

അയ്യോ വെള്ളത്താലിതാ നീയെത്തിടുന്നു

അമ്മയാകുന്ന എൻ പ്രകൃതി എന്തിനി-
ക്രൂരത ചെയ്യേന്റെമേൽ.
വീടുകൾ മുങ്ങുന്നു ജീവനും
പൊലിയുന്നു എണ്ണമില്ലാതെ

വാരിവിതറുന്നു മേഘം ഇടിയും
മിന്നലും കൂടാതെ പെരുവെള്ളവും
സംഹാരതാണ്ഡവതിലാണീ മഴയും
ഒട്ടും ശമിക്കുന്നില്ലകേട്ടോ

കരയുന്നതെന്തിനു നീ മനുഷ്യാ
മിണ്ടരുത് നീ മിണ്ടരുത്
വേദിക്കരുത് പോ മനുഷ്യ
നിന്റെ വേലകൾ തന്നെ നിന്റെ കെണി

എന്തിനു നീ മുറിക്കുന്നു പാവം
മരങ്ങളെ അസംഖ്യമായി ഇന്നും
എന്തിനു നീ നികത്തുന്നു വയലുകൾ
ഇല്ല കരുണയൊട്ടുമില്ലാതെ

കിട്ടുന്നു നിൻ പാപഫലം നിനക്കു
ഒട്ടും കുറവൊന്നുമില്ലാതെ
ഇനിയും നീ തുടരരുത് ഇത്
എങ്കിൽ പ്രതിഫലം കടുത്തിരിക്കും

Gokul Gireesh G I
8 C

# സ്വാതന്ത്ര്യ ദിനാചരണം



## ജയ് ഹിന്ദ്!!!



## ഓണാഘോഷം



## ഗംഭീരം!!!!!!!!!



## കേറി വാടാ മക്കളെ ......

## കേറി വാാാാ.......



## ഗാന്ധി ജയന്തി




# ബാപ്പുവിന് പ്രണാമം


# മുഖ്യമന്ത്രിക്ക് ഒരു കത്ത്

**10-06-2019**
**ശാന്തിവിള**

**ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവർകൾക്ക്,**

**സ്കൂളുകൾ തുറന്നുകഴിഞ്ഞു അറിവിന്റെയും അച്ചടക്കത്തിന്റെയും തുറന്നവാതിലിലൂടെ ഒഴുകി പോകുന്ന മറ്റുകുട്ടികളെപ്പോലെ ഞാനും അതിലേക്ക് ഒഴുകിയെത്തി. പുതിയ ചിട്ടകളും, രീതികളുമുള്ള പുതിയ സ്കൂളിലേക്കാണ് ഞാൻ കൂടുമാറിയത്.**


**എനിക്ക് ചുറ്റുമുള്ളവരെല്ലാം എനിക്ക് അപരിചിതരാണ്. അവർക്ക് ഞാനും. ആ പുതിയ ലോകത്തുനിന്നാണ് എനിക്ക് അങ്ങയുടെ കത്ത് ലഭിച്ചത്. വായിച്ചപ്പോൾത്തന്നെ മറുപടി അറിയിക്കണം എന്നു തോന്നി. അത് കത്തിലൂടെ**



സാധിച്ചതിൽ സന്തോഷമുണ്ട്. എന്താണ് ജലം, എവിടെനിന്ന് ഉറവിടുന്നതാണ് ജലം എന്നറിയാത്ത മനുഷ്യർക്കാണ് ജലത്തിന്റെ വിലയറിയാത്തത്. തൻ സ്വാർത്ഥതയ്ക്കും, തിരക്കുകൾക്കും വേണ്ടിയവൻ ഒരു ജനതയെ വരൾച്ചയിലാക്ക് തള്ളിയിടുന്നു. കാടും മലകളും വെട്ടി നികത്തി ജല സ്രോതസ്സുകളെ ഇല്ലായ്മ ചെയ്യുന്നു. വയലിനെയും നദികളെയും ബണ്ടുകെട്ടി തടയുന്നു മനുഷ്യന്റെ അതിമോഹവും ആർത്തിയുംകൊണ്ട് ഭവിഷത്ത് അനുഭവിക്കേണ്ടത് തങ്ങൾ മാത്രമല്ല സഹജീവികൾ കൂടിയാണെന്ന് അങ്ങയുടെ കത്തിലൂടെ ബോധ്യമായി. ഈ കത്ത് എനിക്കും എന്റെ കൂട്ടുകാരിലും ചലനങ്ങൾ സൃഷ്ടിച്ചു.

സ്നേഹപൂർവ്വം,<br>
വൈശാഖ്. വി<br>
VIII. A<br>
V. V. H. S. S Nemom

## ഇരുട്ടിലേക്ക് അഗ്നി ആരവങ്ങളെ പായൂ



ഇരുട്ടിലേക്ക്പായുവിൻ
അഗ്നിതൻപ്രകാശമായി
അഗ്നിതൻജ്വാലകൊണ്ട്
നരകത്തിൻ തമസിനെ
സ്വർലോകത്തിൻ പ്രകാശമായി
മാറ്റുവിൻ നവ ആരവങ്ങളെ

നാളെയുടെ പ്രകാശമായി
ഉണരുു നവ-ആരവങ്ങളെ
അഗ്നിയുടെ പ്രകാശത്തിൻ യെശസ്സുമായി
ഉണരു നവ ആരവങ്ങളെ

-ബ്രൂസോത്ത്
9B

## വരൾച്ച

വരണ്ടു വരണ്ടു നമ്മുടെ ഭൂമി
മനുഷ്യൻ വരുത്തിയ വരൾച്ചയല്ലോ...
മനുഷ്യൻ വരുത്തിയ വരൾച്ചയല്ലോ...
ഭൂമിയെ ദ്രോഹിച്ചു
മനുഷ്യൻ വരുത്തിയ വിനയല്ലോ...വിനയല്ലോ...
മണ്ണിനെ മറന്ന് കാശിനെ സ്നേഹിച്ചു
മനുഷ്യൻ വരുത്തിയ വരൾച്ചയല്ലോ

ജലമില്ല വയലില്ല
പുഴയില്ല കുന്നില്ല
വരൾച്ച കാരണം പറവകൾ പറന്നു
മനുഷ്യരും കൂടെ പോയിപോയി

**[വരണ്ടു.. വരണ്ടു..]**

നദികളെല്ലാം മരുഭൂമി
ഭൂമിയിലോ ജലമില്ല

മരം മുറിക്കാൻ ഉറവകൾ പോലെ
ആളുണ്ട്.... ആളുണ്ട്....
"പക്ഷേ ആ ആളുകളെല്ലാം ചത്തു വീഴുന്നു"

ജലമില്ല വയലില്ല
പുഴയില്ല കുന്നില്ല
വരൾച്ച കാരണം പറവകൾ പറന്ന്
മനുഷ്യരും കൂടെ പോയി
മനുഷ്യരും കൂടെ പോയി

[2]

മരം വെട്ടില്ല ഞങ്ങൾ
കുന്നിടിക്കില്ല ഞങ്ങൾ
മണലൂറ്റില്ല ഞങ്ങൾ
സത്യം ചെയ്യുന്നു ഞങ്ങൾ
വീണ്ടും സത്യം ചെയ്യുന്നു ഞങ്ങൾ
വീണ്ടും സത്യം ചെയ്യുന്നു ഞങ്ങൾ

അനന്ദു എസ്. എൽ 9 B

# സ്വർലോകത്തിൻ പ്രത്യാശ സ്വപ്നം

രാത്രിതൻ സ്വപ്നത്തിൽ
ഞാൻ കണ്ടൊരാ പ്രകൃതിതൻ
മായുന്ന സർവ്വസത്യം
സ്നേഹത്തിൻ മുത്തുകളാകുന്ന
ഭൂമിതൻ നക്ഷത്രങ്ങൾ
സത്യത്തിൽ നറുഗീതം
ഉണർത്തുന്ന പക്ഷികൾ
വീണ്ടെടുക്കാം ഭൂമിതൻ സ്വർലോകം.....

-ബ്രൈസോത്ത്

# പ്രളയക്കാഴ്ചകൾ

കരൾ പൊടിയുന്നേ ഈ കാഴ്ച്ച കാണുംനേരം
വയ്യ കാണാൻ തകരുന്നിതാ
ബന്ധുക്കൾ,സ്വന്തങ്ങൾ,സമ്പത്തുകൾ
വെള്ളത്തിനോടോപ്പം പോകുന്നിതാ.
ഹാ,
വെള്ളത്തിനോടോപ്പം പോകുന്നിതാ.
വയലുകൾ,പാടങ്ങൾ,തൊടികളാകവേ
നിറയുന്നു പെരു വെള്ളം

# ആകാശയമുന

ആനന്ദ നാളിതാ വന്നെത്തി സോദരേ!
ആനന്ദയമുനയിൽ മുങ്ങി നിവരാം
പറന്നു വാ സോദരേ, വിളിച്ചു വാ
ആകാശയമുനയിൽ മുങ്ങി നിവരാം.
റോഡിനരികത്തുനിന്നുള്ളോരവയൽ
നിറഞ്ഞൊഴുകുന്നിതാ റോഡിലേക്ക്
തളം കെട്ടി നിന്നോരാ ജലത്തിന്ന് ഒഴുകുവാൻ
ഒരു പഴുതു പോലുമേ ചുറ്റുമില്ല
പറന്നേത്തി കാകകൾ, വിളിച്ചേത്തി കാകകൾ
യമുനയിൽ തുള്ളിക്കളിക്കുവാനായി
ഓരോ നിമിഷവും കാകകൾ യമുനയിൽ
ആനന്ദ നൃത്തങ്ങളാടിടുന്നു.
കുടിക്കുന്നിതാ ജലം
നനയ്ക്കുന്നിതാ ചിറക്
ഓരോ നിമിഷവും മുങ്ങുന്നിതാ.
സൂര്യനും, ചന്ദ്രനും
മണ്ണും, ആകാശവും
ഒന്നിച്ചു കൺചിമ്മി നിൽക്കുന്നിതാ
റോഡിനരികത്തു നിന്ന കൊന്നാ മരം

വേനലിൽ ഉണങ്ങി കരിഞ്ഞുനിന്നു.
ചില്ലയുടെ നാണം മറയ്ക്കുവായിതാ
ഒരു ചെറു തളിരില മാത്രമുണ്ട്.
കാമുക കാറ്റിന്റെ തൊട്ടു തലോടലിൽ
കാമുകിതളിരില ചിണുങ്ങി നിന്നു.
സ്നേഹ സല്ലാപത്തിനിടയിലായി
സുന്ദരിമാരവർ വന്ന് ചേർന്നു.
ഒന്നിനോടൊന്ന് പിറകെ പറന്നെത്തി
ആ മരക്കൊമ്പിൽ ഇരിക്കുവാനായി.
ഒരു കണിക്കൊന്നപ്പൂ ഇല്ലാതിരുന്ന മരം
സമൃദ്ധിയിൽ കോരിതരിച്ചു നിന്നു.
ഇളം കാറ്റിൽ ആ കറുത്ത കണിക്കൊന്നപ്പൂ
മരത്തെ തലോടി ചിരിച്ചു നിന്നു.
പ്രകൃതി തൻ വർണ്ണാഭ സുന്ദര കാഴ്ചയിൽ
ഞാനന്നുമിന്നും സന്തുഷ്ടനാ.
എന്തിനു പ്രകൃതിയെ കുത്തി നോവിക്കുന്നു

അനന്ദു എസ്. എൽ
(9.B)

# പ്രകൃതി

പ്രകൃതി പ്രകൃതി എന്റെ പ്രകൃതി
എന്തു സുന്ദരമെന്റെ പ്രകൃതി
മരങ്ങളും, നദികളും, മലകളുമുണ്ടേ.
എന്തു സുന്ദരമെന്റെ പ്രകൃതി.
മരങ്ങൾ വെട്ടിനശിപ്പിക്കുന്നവർ,
മഹാ പാപം ചെയ്യുന്നു
പിന്നെ ഓർക്കണം എന്തിന് ചെയ്തു.
പിന്നെ ഓർക്കണം എന്തിന് ചെയ്തു.
പ്രകൃതി പ്രകൃതി എന്റെ പ്രകൃതി
എന്തു സുന്ദരമെന്റെ,
പ്രകൃതി

അഭിനവ് കൃഷ്ണൻ
6A




ബൈബിളിലെ യോസേഫിന്റെ സംഭവബഹുലമായ ഇതിഹാസം ഹൃദയഹാരിയായി ചിത്രീകരിക്കുന്ന ഒരു കഥയാണ് 'സ്വപ്നങ്ങളുടെ രാജകുമാരൻ' മനുഷ്യമനസ്സുകളിൽ ഇരുട്ട് കൊണ്ടുനടക്കുന്നവരുടെ ജീവിതവും സമൂഹവും ഇരുളും. പക്ഷെ, മനസ്സിൽ വെളിച്ചം പ്രകാശിപ്പിക്കുന്നവരുടെ ജീവിതവും സമൂഹവും കാഴ്ചപ്പാടും വെളിച്ചം നിറഞ്ഞതായിരിക്കും എന്ന ആശയമാണ് ഈ കഥ നമുക്ക് പകർന്നുനൽകുന്നത്. ഈ കഥയിലെ പ്രധാനകഥാപാത്രമാണ് യോസേഫ്. അവന്റെ സ്വപ്നങ്ങളും, ചിന്താഗതിയിലൂടെയുമാണ് ഈ കഥ കടന്നുപോകുന്നത്.

പിതാവിന്റെ പതിനൊന്ന് മക്കളിൽ എറ്റവും പ്രിയപ്പെട്ടവനായിരുന്നു യോസേഫ്. ആ സ്നേഹക്കൂടുതൽ അവനും അവന്റെ സഹോദരന്മാർക്കുമിടയിൽ വി

ദ്വേഷമുണ്ടാക്കി. അവൻ എല്ലായിപ്പോഴും സ്വപ്നം കാണും. ഒരു ദിവസം അവനുമുമ്പിൽ പതിനൊന്ന് നക്ഷത്രങ്ങൾ വന്നു തൊഴുന്നതായി സ്വപ്നം കണ്ടു, മറ്റൊരു ദിവസം സൂര്യനും മറ്റ് പതിനൊന്ന് നക്ഷത്രങ്ങളും അവനുമുമ്പിൽ വന്നു തൊഴുന്നതായും സ്വപ്നം കണ്ടു. അവന്റെ കുടുംബം അവന്റെ മാതാപിതാക്കളെയും സഹോദരന്മാരെയുമായിരിക്കും ഇങ്ങനെ പറയുന്നതെന്ന് വിചാരിച്ചു. അങ്ങനെ സ്വപ്നംപോലും അവന്റെ ജീവിതത്തിനു വിലങ്ങുതടിയായി. സഹോദരന്മാർ അവനോടുള്ള ദേഷ്യത്തിൽ ഇരുപതുവെള്ളിക്കാശിന് യിശ്മാല്യേർക്ക് അടിമയാക്കി വിറ്റു. യിശ്മാല്യേർ അവനെ വീണ്ടും ഫറവോന്റെ അകമ്പടിയായ പൊത്തിഫറിന് വിറ്റു. പ്രിയപ്പെട്ടവരിൽനിന്നും അകന്ന യോസേഫ് അവന്റെയുള്ളിലെ നന്മയാൽ ഫറവോന്റെ വിശ്വസ്ഥനായിമാറി. വിധി അവനെ ഓരോയിടത്തുനിന്നും ചവിട്ടിത്താഴ്ത്തുമ്പോൾ നന്മയുടെ ദേവത അവനെ ഉയർത്തിക്കൊണ്ടുവരുന്നു.

കൊട്ടാരത്തിലെ റാണിയുടെ തെറ്റായ പ്രചരണത്തിലൂടെ അവൻ വീണ്ടും അടിമയാക്കപ്പെട്ടു. ഇവിടെയും സത്യം ഒരു നിമിത്തമായിനിന്നു. ഒടുവിൽ അവന്റെ ബുദ്ധിശക്തിയിലൂടെ അവൻ പിന്നീട് മിസ്രയീം ദേശത്തിന്റെ മേലധികാരിയായി നിയമിക്കപ്പെട്ടു.

ഒടുവിൽ ദൈവനിയോഗത്താൽ അവന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ടു. എങ്കിലും അവനെ ഇത്രയും ദ്രോഹിച്ച സഹോദരന്മാരെ ഒടുവിൽ ക്ഷണിക്കാനും കൊട്ടാരവും മറ്റ് സൗകര്യങ്ങളും നൽകാനും അവന് മനസ്സുണ്ടായി.

മഹാന്മാരുടെ ലക്ഷണമാണ് ഈ കഥയിൽ വെളിപ്പെടുത്തുന്നത്. ഉള്ളിൽ നന്മനിറഞ്ഞവന് ഇരുട്ടിനെ വെളിച്ചമാക്കാൻ കഴിയും എന്ന സത്യം കഥയിലൂടെ നമുക്ക് പറഞ്ഞുതരുന്നു.

SIDHARTH S S

IX D

# മഹത്ത് വചനങ്ങൾ

- "തങ്ങൾക്ക് തെറ്റു പറ്റിയിട്ടില്ല എന്ന് ആരെങ്കിലു പറഞ്ഞാൽ അതിനർത്ഥം അവർ ജീവിതത്തിൽ പുതുതായൊന്നു ചെയ്തിട്ടില്ലെന്നാണ്."

  -ആൽബേർട്ട് ഐൻസ്റ്റിൻ

- "നല്ലവരുടെ നിശ്ശബ്ദതയാണ് ദുഷ്ടൻമ്മാരുടെ ആക്രമത്തേക്കാൾ ലോകത്തെ ദുരിത്തിലാഴ്ത്തുന്നത്."

  -നേപ്പോളിയൻ

- "ലോകം മാറ്റി മറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാൻവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം."

  -നെൽസൺ മണ്ടേല


- "കുട്ടികളുടെ തലച്ചോറിലേക്ക് വിജ്ഞാനം അടിച്ചു കയറ്റുന്നതല്ല, അധ്യാപനം."



-പ്ലേറ്റോ


- "വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുള്ളതാണ്, എന്നാൽ ഫലമോ, അതിമധുരം."

-അരിസ്റ്റോട്ടിൽ




- "സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ടുമാറിപോകുന്നതു പോലെ അറിവുദി- ക്കുമ്പോൾ അജ്ഞതയും മാറി പോകുന്നു."

-ശ്രീനാരായണഗുരു



# പരിസ്ഥിതിയും പ്രകൃതി ദുരന്തങ്ങളും

ഇനിയും കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നിനിയും വിളിക്കുന്നത്.എവിദൈവത്തിന്റെ സ്വന്തം നാട് എവിടെ ! ഹരിതം മറന്ന സാത്താന്റെ നാട് ഇവിടെ ! എന്തിനാണ്ടേ തോടുകൾ,എവിടെ പുഴകൾ,എവിടെ മലകൾ,എവിടെ ജൈവ വൈവിദ്യം.വൃദ്ധസദനങ്ങൾ പെരുകി വരുന്നു.ഈ നാട്ടിൽ പ്രകൃതി സംരക്ഷണത്തിന് സ്ഥാനമില്ല.പ്രകൃതിയുടെ സ്വന്തം മക്കൾ തന്നെ പ്രകൃതി മാതയെ ദ്രോഹിക്കുന്നു.പ്രകൃതിയെ അറിയാത്തവന് എങ്ങനെയാണ് സ്വന്തം അമ്മയുടെ മാതൃത്വംനുകരാൻ കഴിയുക.പൂക്കളുടെ ഭംഗി ആസ്വദിക്കാൻ കഴിയാത്തവന് എങ്ങനെയാണ് വായനയെ അറിയാൻ കഴിയുക.വായനയിലൂടെയെ അറിവ് ലഭിക്കു.നമ്മുടെ അറിവില്ലിീയ്മ കൊണ്ടാണ് നാം ഇത്രയും നാളും പ്രകൃതിയെ ദ്രോഹിച്ചത്.നമ്മുടെ അത്യാഗ്രഹത്തിന് പ്രകൃതി നാളുകൾ കൂട്ടു നിന്നു. ഒടുവിൽ പ്രകൃതി തിരിച്ചു തന്നു. ആ മഹാപ്രളയം. അത് രണ്ടു വർഷങ്ങളായി നാം അനുഭവിച്ചു. എന്നാൽ,അതിൽ നിന്ന് നാം സാഹോദര്യം ,ഒരുമ,



ഐക്യം, കരുണ, എന്നിവ എന്തെന്ന് നാം പഠിച്ചു. പ്രളയത്തിൽ കേര നാട് ഒരുമിച്ചു നിന്നു. അതിന്റെ അടയാളമായിയാണ് നവ കേരളനിർമ്മിതി. വലിയവനെന്നോ, ചെറിയവനെന്നോ എന്ന പരിഗണനയില്ലാതെ എല്ലാവരും ഒരു ക്യാമ്പിനുള്ളിൽ കഴിഞ്ഞു. ഒരു നേരത്തെ ഭക്ഷണം എല്ലാവരും ഒരു പാത്രത്തിൽ കഴിച്ചു.

പുനർജീവിതത്തിന്റെ ഉയരത്തിലേക്ക് അവർ കൈ കോർത്ത് പറന്നുയർന്നു. മരങ്ങൾ താണ്ടി ,അന്തരമില്ലാത്ത ആകാശത്തിനുമപ്പുറം അവർ ഉയർന്നു.പക്ഷേ,പ്രകൃതീമാതാ സമുദ്രനിരപ്പിനും താഴെ അപമാനിതയായി കുനിഞ്ഞു നിന്നു. അങ്ങനെ അപമാനിതയായ അമ്മയെ അഭിമാനത്തിന്റെ നെറുകയിൽ എത്തിക്കാൻ നാം കുട്ടികൾ മുന്നിട്ടിറങ്ങണം. മുതിർന്നവരെ ഇതിലേക്ക് കൊണ്ടുവരണം. അതിനായി അതി തീവ്രമായി പരിശ്രമിക്കുക. നാം ഒരാൾ മാറിയതിനാൽ മാത്രം മതിയാകുകയില്ല. ഒരു കുടുംബം മാറിയതു കൊണ്ടോ, ഒരു ഗ്രാമം മാറിയതു കൊണ്ടോ, ഒരു ജില്ല മാറിയതു കൊണ്ടോ, ഒരു സംസ്ഥാനം മാറിയതു കൊണ്ടോ,ആയില്ല ഒരു രാജ്യം തന്നെ മാറണം. ഓരോ രാജ്യത്തിന്റെയും സർക്കാർ

മാറണം,അതി ശക്തമായ നടപടികൾ സ്വീകരിക്കണം,കടുത്ത പിഴ ഈടാക്കണം.എന്നാൽ ഇതിനൊന്നും സർക്കാർ തുനിയില്ല എന്നതാണ് സത്യം,ചിന്തിക്കുക നമ്മുടെ വരും തലമുറ എങ്ങനെ ഈ ഭൂമിയിൽ ജീവിക്കുമെന്ന്.


**ഇനി വരുന്നൊരു തലമുറയ്ക്ക്**
**ഇവിടെ വാസം സാധ്യമോ?**
**മലിനമായ ജലാക്ഷയം**
**അതിമലിനമായൊരു ഭൂമിയും.**

എന്ത് അർത്ഥ മൂല്യമുള്ള വരികളാണവ. ഇവയെല്ലാം ഉൾക്കൊണ്ട് അമ്മയുടെ സൗന്ദര്യം തിരികെ കൊണ്ടു വരാനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം........

അനന്ദു എസ് എൽ
9 B

# പാമ്പും കോണിയും

പ്രമുഖ കഥാകൃത്തായ സേതുവിന്റെ 'പാമ്പും കോണിയും' എന്ന ചെറു കഥാപ്പുസ്തകത്തിന്റെ ആസ്വാദനമാണിത്. എട്ടു കഥകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ആദ്യ കഥയിൽ സിംലയിലേക്കുള്ള യാത്രയിൽ സഹയാത്രികനായി



കിട്ടിയ മനോജ്കുമാർശർമ്മ എന്ന വിചിത്ര സ്വഭാവക്കാരനായ ചെറുപ്പക്കാരന്റെ ചിത്രത്തോടൊപ്പം അമർജിത്തിനേയും സിംലയേയും അവതരിപ്പിക്കുന്നു. മനസ്സിൽ വിദഗ്ദമായ

അനാവരണമാണ് 'ഗോപൻ' എന്ന കഥയിലൂടെ കഥാകൃത്ത് വിശദമാക്കുന്നത്. സമൂഹത്തിൽ മൂന്ന തട്ടുകളിൽ ജീവിക്കുന്ന വ്യത്യസ്തരായ മൂന്ന പേരെ ഒരാളായി കാണുന്ന ഒരാളുടെ അനുഭവമാണ് ഈ കഥ. 'ബദ്ഷാ, ഹരിദ്വാരം, ലങ്കാദഹനം, തമസോമാ ജ്യോതിർഗമയ, താഴ്വാരം' എന്നീ പശ്ചാത്തലത്തിന്റെ വൈവിധ്യമാർന്ന ആവിഷ്ക്കാരങ്ങളാണ്. അനവധി മനോഹരമായ പ്രയോഗങ്ങൾ കൊണ്ടും ഈ കലാസൃഷ്ടി.

അമൽ എ.എസ്സ്
( 8c)



# സ്നേഹം നിറഞ്ഞ കുപ്പു കൈ

നന്തനാർ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന പ്രശസ്ത സാഹിത്യകാരൻ പി.സി ഗോപാലൻ രചിച്ച വിവിധ സ്വഭാവങ്ങളും, അന്തരീക്ഷവുമുള്ള ചെറുകഥകളടങ്ങിയ പുസ്തകമാണ് "സ്നേഹം നിറഞ്ഞ കുപ്പു കൈ". കഥകളിൽ സാധാരമണക്കാരും മണ്ണിന്റെ മണവും പ്രകൃതിയുടെ കനിവും അറിഞ്ഞ കഥാ-പാത്രങ്ങളാണ് അണിനിരക്കുന്നത്.മലബാർ കലാപവും ഇന്ത്യ- പാക്ക് വിഭജനവും ഹിന്ദു-മുസ്ലീം ലഹളയും കഥകളിലൂടെ ജീവസ്പന്ദനങ്ങളായി മാറുന്നു.

'രണ്ടു ജീവിതങ്ങൾ' എന്ന കഥയിൽ പറയുന്നത് ഒരു പട്ടാളക്കാരന്റെ

ജീവിതത്തെക്കുറിച്ചാണ്. അവർ നേരിടേണ്ട ചില സന്ദർഭങ്ങളുമാണ്. യുദ്ധകെടുതികളും പട്ടാള ക്യാമ്പിലെ മനം മടിപ്പിക്കുന്ന ജീവിതവും കഥയുടെ ശക്തി കേന്ദ്രമാണ്. ഭാര്യയും മക്കളും ഏതോ മത വിഭൂഷകന്റെ കരങ്ങളാൽ നഷ്ടപ്പെട്ട ഒരു പട്ടാളക്കാരന്റെ അടക്കാൻ കഴിയാത്ത നീറ്റലാണ് കഥയിൽ തെളിയുന്നത്.

'ഒരു പെൻസിൽ കട്ടറിന്റെ കഥ' എന്ന രണ്ടാമത്തെ കഥയിൽ ഒരു കട്ടറും ഒരു കുട്ടിയുമാണ് കേന്ദ്ര കഥാപാത്രങ്ങൾ. ക്ലാസിലുള്ളവരുടെ പരിഹാസം തരണം ചെയ്യാൻ അവനുള്ള ഏക ബലമാണ് പെൻസിൽ കട്ടർ. ഇതിനിടയിൽ മറ്റൊരു കുട്ടി പെൻസിൽ കട്ടറുമായി എത്തുകയും അവൻ മോഷ്ടിച്ച് കിണറ്റിൽ എറിയുന്നതുമാണ് കഥയുടെ ഉള്ളടക്കം.

ഒരു സൈനികന്റെ വേദനയെ
തുറന്നുകാട്ടുന്ന 'ബഹ്ഹമതിയുടെ വേദന' എന്ന
മൂന്നാമത്തെ കഥയും, ചെറുപ്പത്തിൽ തുടങ്ങിയ
പുകവലിയെ തുടർന്നുണ്ടാകുന്ന ഗുലുമാലുകലളെ
വിശദീകരിക്കുന്ന'പുകച്ചുരുളിലൂടെ' നാലാമത്തെ
കഥയും,ശിപായി ഡ്രൈവർ എന്ന അഞ്ചാമത്തെ
കഥയും പുസ്തകത്തിന്റെ ആക്കം കൂട്ടുന്നു.
പുസ്തകത്തിന്റെ പേര് തന്നെയാണ് അവസാന
കഥയ്ക്കും"സ്നേഹം നിറഞ്ഞ കുപ്പ കൈ".

പുസ്തകത്തിലെ ഓരോ
കഥയും ഒന്നിനോന്ന് മെച്ചപ്പെട്ടതാണ്. ഒരു മനുഷ്യ
ജീവന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിത
സന്ദർഭങ്ങൾ കഥയിലൂടെ കടന്നു പോകുന്നു.

വൈശാഖ് വി

( 8 എ )

# വിദ്യാലയം പ്രതിഭകളോടൊപ്പം







SARANYA MOHAN'S
natya bharati





# മികവുകൾ







# ENGLISH

# TOURISM & DEVELOPMENT

*Tourism brings big project to the government it provides employment & increases the economic status of the area the improvement in infra-structure and new amenities also benefit the local community. It also encourages the preservation of traditional costumes, handicrafts and festivals that might have been forget. Exchange between host and guest create a better cultural understanding it helps to promote the conservation of wild life and natural resources such as rainforest.*

*Visitors may cause consumption of drugs and alcohol problems . Interaction with tourist can lead to an erosion of traditional and cultural values. Tourism cause a threat to a region's natural and cultural resource such as water supply, beaches, heritage sights etc.. It also causes pollution through traffic, littering sewage, sound etc. Jobs created by tourisms are often seasonal. Natives are poorly paid. Cost of establishing the basic infra-structure falls on the government ,it has to find money from revenues. Only the rich hotels and Resort owners benefit out of it .So,*

*blessing and curses are the two sides of a same coin.*

*ANANDU S. L*

**( 9 B)**

# HOUND OF THE BASKERVILLES

**(ARTHUR CONAN DOYLE)**

The title may not familiarize anyone that this story is one of the greatest stories from the ‘Sherlock Holmes’ series written by the legendary writer Arthur Conan Doyle. Arthur Conan Doyle is famous for his works of Sherlock Holmes. The greatest detective in the world, Sherlock Holmes stories has been inspiration for many. Some of the novels of Arthur Conan Doyle from the series of Sherlock Holmes has become as film. The main characters of the stories of Arthur Conan Doyle are, of course Sherlock Holmes himself and Dr. Watson who is a dependable and brave friend of Sherlock Holmes.

‘HOUND OF THE 'BASKERVILLES’ is an interesting and scary story consisting of supernatural situations. The name ‘Baskervilles’ mentioned in the title is a family name. Baskervilles estate holders are dying from generation, the last man died in this sequence was Sir Charles

Baskervilles. So the next estate holder Sir Henry Baskervilles who seeks the help of Sherlock Holmes to find the culprit. By investigating Holmes identified that this sequence started when a man named Hugo Baskervilles kidnapped a girl and kept her in prison. But she escapes from it, as she escaped Hugo released his pack of hunting dogs to chase her. Hugo also chased the dogs. After some time his friends goes through the place where the dogs chased her. But the scene that they saw there was unbelievable. A gigantic hound, which human beings has never saw, has crushed Hugo's head and the girl was frightened and died. As per this Sir Charles was died by heart attack seeing any frightening thing, when he has gone for an evening walk alone. Police has also find an enormous footprint near the dead body. As these murders has a connection of a hound Sir Henry was horrified.

To investigate more, Holmes send Dr Watson to the Baskervilles fort with Sir Henry. Next morning, as Sir Henry was busy with his works Dr Watson went for a walk. Between the walk

Watson met a butterfly catcher named Stapleton, both became friends and Stapleton invited Watson to his house. They went to his house, on his house there was his sister, Miss Stapleton. When Mr Stapleton was gone across to Watson's amazement, Miss Stapleton misunderstood Watson as Sir henry and told him to go back. But after sometime she understood that he was not Sir henry
and she apologised. A doubt raised in Watson's mind that why would have Miss Stapleton said Sir henry to back. Watson wrote a letter to Holmes containing the information of that day. Next day, Sir henry went to Mr Stapleton's house, this continued for some days, and Sir henry was attracted to Miss Stapleton.But when
Mr Stapleton knew this he was furious about this. In this behaviour of his Watson doubted that something is wrong about him.

Next day at night Watson woke up at midnight because of someone's footsteps. He left the room to find out the owner of the footsteps. It was Barrymore, the house keeper. He was standing beside the window and passing some clothes and food to

someone.Watson caught him and reported it to Sir henry, suddenly Mrs barrymore rushed in said that they were passing clothes and food to her brother Seldon,the escaped prisoner who was hiding in the moor for days. The husband and wife were guilt of themselves. Sir henry forgived them. Barrymore was really thankful to Sir henry and in return he told a statement that he thought that it will provide some information. Barrymore said that Seldon is not the only person hiding in the moor, he has seen a tall man sheltering there for a few days. Watson decided to find who the tall man is.

Next day Watson started his journey to the moor. Dr.Watson was heading to his destination. His nerves were chilled during the journey. His journey came to an end when he saw a hut. With a gigantic sense of adventure Watson enters the hut, with all precautions taken. The hut showed the presence of human habitation. Watson waited there for a long time. Finally he heard the footsteps of the unknown man and his shadow was coming closer. Watson emerged in front of the man. When he saw the unknown his mind was filled with amazement, because that man was none other than the legendary

detective Sherlock Holmes. Watson's mind was flooded with questions and he asked to Holmes that why he is here in this place and what  about the letters   that Watson was writing to Baker street.

Holmes gave explanation to Watson’s all questions that he was following Watson ever since the journey started to Baskervilles, and then he could investigate without being discovered. Holmes  said that he had arranged for Watson's letters to be sent on to the villagers post office, near the Baskervilles hall. Holmes also discovered that Stapleton was
in London when Sir henry arrived from Canada, Stapleton is responsible for the missing of boots and the important thing that Holmes found is that Miss Stapleton is not his sister – she is his wife!. By this discoveries the case is almost solved but they need the final proof.

During the conversation a terrible scream rang out from the moor. Continuously the scream was disturbing the silence. As they two headed towards the scream they realized that the

scream creator is the hound. As they were about to reach their destination they found a dead body. the dead body was Seldon's. Barrymore had passed some clothes of Sir Henry to Seldon. The hound sensed Henry's smell in Seldon because of this clothes. Now Holmes realized why Stapleton had stolen Sir Henry's boots. Stapleton used his boots to put hound on the scent of it's victim, and the creature had killed Seldon by mistake. Now they need to find the connection between the hound and Stapleton. Holmes and Watson decided to hide the dead body and inform the police at daybreak. Watson informed Holmes that Sir Henry has been invited to dinner at the Stapleton's house next day. Holmes knew that this is there best chance to solve this case . After this conversation they went to their supper.

The next day, very surprisingly Holmes asked Sir Henry to visit Stapleton's house alone that night. Sir Henry was amazed. Holmes also said that to keep trust in him and make sure that Stapleton knows that you are walking alone to Baskervilles hall Holmes also reminded that he and Watson will stay here at the estate Sir Henry seemed


puzzled but he agreed. When the sun started to gave farewell to the earth Sir Henry started hid journey to Stapleton's house. After fifteen minutes he went, Holmes and Watson started to follow him, with their revolvers taken. They both finally reached Stapleton's house and concealed themselves behind some rocks by a fare distance from the front door. They remained hidden for a several hours waiting for Sir Henry to finish his meals and start his return journey.

After some time they noticed a dense fog swirled around them over a shed nearby. Suddenly a man emerged from a side door. But it was Stapleton. He walked to the shed and unlocked the shed door and returned into the house. Holmes asked to the Watson to be cautious. At that moment the front door opened Sir Henry and Stapleton stood their but his  wife was not their. Sir Henry started to leave the house suddenly a panting sound heard from the shed. As Sir henry started to walk towards us, suddenly a terrifying creature emerged from the fog swirled. Holmes and Watson were frozen in horror. That creature was really the hound, an enormous black hound but not such a hound as mortal eyes

have ever seen. It's figure was as horrifying that a normal man would die just when he see it. The hound started to follow Sir henry.

As just he and the hound passed Holmes and Watson, they came to their senses and took their revolvers and fired at close range. The hound screamed and fell dead at the moment. Holmes examined the hound and realized that it is not a phantom creature. They were all relieved when they saw the hound shot dead. Holmes also found that the hound is half starved, stapleton must have released it and set it on it's prey.To find Stapleton they all rushed to the house but Stapleton was vanished, his wife was tied upstairs.They untied her and she told them all the secrets that Stapleton was hiding.She knew that he was going to kill Sir henry but she can't tell this to him because his husband was always near her. Stapleton also threaten to kill her also.He feared that she will disclose all secrets to Sir henry so he tied her, and told to Sir henry that she is unwell and resting upstairs. She also said that Stapleton has escaped to the dangerous Grimpen Mire where he hides his hound.

Because of the dense fog in that night, searchching for him will be in vain. So they decided to search him next morning.No trace of Stapleton was ever found, only his boot was found. It is impossible to pass the Grimpen Mire in night. So they concluded that Stapleton breathed his final breathe inside the mire. To solve the case completely Holmes met Stapleton's wife. As Holmes suspected Stapleton had been living under a false a name, He was really Jack Baskervilles, son of Roger Baskervilles, the youngest brother of Sir charles. Jack Baskervilles knew the legend of the hound. So he used the method of hound to kill all other wealth holders of the Baskervilles, so he can hold all the wealth alone.So all the mysteries of this case solved Sherlock Holmes and Dr.John Watson returned to Bakerstreet to continue their journey of investigation.


STD-9D